**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1260** 03.10.2016 ൽ മറുപടിയ്ക്ക്

**കമ്പ്യൂട്ടർ അസിസ്റ്റന്റ്/സി.എ വിഭാഗങ്ങൾക്ക് അസിസ്ററന്റിന്റെ എൻട്രികേഡറിലേക്ക് തസ്തികമാറ്റം**

**ചോദ്യം**
ശ്രീ.വി.എസ്.ശിവകുമാർ

**ഉത്തരം**
ശ്രീ.പിണറായി വിജയൻ
(ബഹു. മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | കമ്പ്യൂട്ടർ അസിസ്റ്റന്റ്/സി.എ വിഭാഗങ്ങൾക്ക് 28-2-2011 ലെ സ.ഉ.(പി) 65/2011/പൊ.ഭ.വ പ്രകാരം തസ്തികമാറ്റത്തിനായി അസിസ്റ്റന്റിന്റെ എൻട്രികേഡറിൽ 20% നീക്കിവയ്ക്കണമെന്ന ചട്ടം പൊതുഭരണവകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്.<br>തസ്തികമാറ്റം വഴിയും അസിസ്റ്റന്റ് ട്രെയിനി നിയമനം വഴിയുമായി അസിസ്റ്റന്റ് എൻട്രി കേഡറിൽ 20% ഒഴിവുകൾ നീക്കിവച്ചിട്ടുണ്ട്. |
| (ബി) | നിലവിലെ സ്പെഷ്യൽ റൂൾ പ്രകാരം സെലക്ഷൻ ഗ്രേഡിലുള്ള കമ്പ്യൂട്ടർ അസിസ്റ്റന്റ്/സി.എ വിഭാഗങ്ങൾക്ക് അസിസ്റ്റന്റിന്റെ എൻട്രികേഡറിൽ തസ്തികമാറ്റത്തിന് അർഹതയുണ്ടോ; | (ബി) | സ്പെഷ്യൽ റൂൾ പ്രകാരം അർഹതയില്ല. |
| (സി) | 25-3-2006-നുശേഷം സർവ്വീസിൽ പ്രവേശിച്ച കമ്പ്യൂട്ടർ അസിസ്റ്റന്റ്/സി.എ. മാർക്ക് അസിസ്റ്റന്റിന്റെ എൻട്രികേഡറിൽ 20 ശതമാനം തസ്തികമാറ്റം ധനകാര്യവകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഈ ഉത്തരവ് പൊതുഭരണ വകുപ്പിൽ | (സി) | അസിസ്റ്റന്റ് എൻട്രി കേഡറിൽ തസ്തികമാറ്റ നിയമനവും അസിസ്റ്റന്റ് ട്രെയിനി നിയമനവും കൂടി 20% ആയി പരിമിതപ്പെടുത്തണമെന്ന ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെയും പൊതുഭരണവകുപ്പിന്റെയും അഭിപ്രായം മറികടന്ന് ധനകാര്യ വകുപ്പ് ഇക്കാര്യത്തിൽ തീരുമാനം എടുത്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സർക്കാർ |

| | | | |
|---|---|---|---|
| | നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; | | പരിശോധിച്ചു വരികയാണ്. |
| (ഡി) | 25-3-2006-നുശേഷം സർവ്വീസിൽ പ്രവേശിച്ച പൊതുഭരണവകുപ്പിലെ കമ്പ്യൂട്ടർ അസിസ്റ്റന്റുമാർക്ക് സ്പെഷ്യൽ റൂൾപ്രകാരം അസിസ്റ്റന്റ് എൻട്രികേഡറിൽ എത്ര തസ്തികകളിലേക്കാണ് തസ്തികമാറ്റം നൽകേണ്ടത്; ഇതുപ്രകാരം നിലവിൽ എത്രപേർക്ക് തസ്തികമാറ്റം നൽകിയിട്ടുണ്ട്; അർഹരായ മറ്റുള്ളവർക്ക് നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ? | (ഡി) | കമ്പ്യൂട്ടർ അസിസ്റ്റന്റ് വിഭാഗത്തിന് തസ്തികമാറ്റ നിയമനത്തിനും അസിസ്റ്റന്റ് ട്രെയിനി നിയമനത്തിനുമായി അസിസ്റ്റന്റ് എൻട്രി കേഡറിൽ 50 ഒഴിവുകൾക്ക് അർഹതയുണ്ട്. 37 പേർ തസ്തികമാറ്റം വഴിയും 7 പേർ അസിസ്റ്റന്റ് ട്രെയിനിയായും നിലവിലുണ്ട്. നിയമനം നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു. |

Rasmi (signature)

**സെക്ഷൻ ആഫീസർ**